# കുട്ടികൾ ദിശാബോധമുള്ളവരാകാൻ



ഒരു കുഞ്ഞിന്റെ വളർച്ചയിൽ അവന്റെ മാതാവിന്റെ അദ്ധ്വാനം ഏറെ വലുതാണ്. അതെത്രയെന്ന് ആർക്കും തിട്ടപ്പെടുത്താനാകില്ല. എന്ത് പ്രതിഫലം നൽകിയാലും അതിന് പകരവുമാകില്ല. അതിനാലാണ് ''മഹതി, വനിത'' എന്നീ നാമ ങ്ങളാൽ സ്ത്രീ ആദരിക്കപ്പെട്ടത്.

ആൺമക്കളിലായിരിക്കും രക്ഷിതാക്കളുടെ മുഴുവൻ പ്രതീക്ഷയും. അവന്റെ ശ്രദ്ധയും പരിചരണവും ഏറെ ആവശ്യമുള്ള സന്ദർഭമാണ് അവരുടെ വാർധക്യം. എന്നാൽ പല കുട്ടികളും വളരുംതോറും ഈ പ്രതീക്ഷക്ക് വിരുദ്ധമായാണ് പ്രവർത്തിക്കുക. അനുസരണക്കേട്, ധിക്കാരം, തന്നിഷ്ടം പ്രവർത്തിക്കൽ തുടങ്ങിയ എതിർപ്രതികരണം അവരുടെ സ്വഭാവത്തിലും സമീപനത്തിലും പ്രകടമാകും. യുവാവാകുംതോറും അപഥസഞ്ചാരത്തിൽ പോലും അവർ ഏർപ്പെട്ടേക്കാം. തന്റെ ശ്രദ്ധയും പരിചരണവും ആവശ്യമായ വൃദ്ധമാതാപിതാക്കളെ ശ്രദ്ധിക്കാതിരിക്കുകയാണ് ഈ ഘട്ടത്തിലെ ഗുരുതരമായ വീഴ്ച. ഉപദേശത്തിനൊന്നും അവർ വഴങ്ങുകയില്ല. മതാപിതാക്കൾ എന്തുചെയ്യും?



ഇതൊക്കെ നാട്ടിൽ കണ്ടുവരുന്ന രീതികളാണ്. തനിക്ക് താൻ സ്വയം മതിയായവനെന്ന് അവർക്ക് തോന്നുകയോ തന്റെ ഇഷ്ടത്തിനും സൗകര്യത്തിനും യോജിക്കുകയില്ലെന്ന് മനസ്സിലാക്കുകയോ ചെയ്യുന്ന ഘട്ടത്തിലാണ് മക്കൾ ഇങ്ങനെ പ്രതികരിക്കാറുള്ളത്. ഈ വിഷയത്തിൽ അവർ മാത്രമാണോ കുറ്റവാളികൾ അതോ രക്ഷിതാക്കൾക്കതിൽ വല്ല പങ്കുമുണ്ടോ?

തങ്ങളുടെ താൽപര്യങ്ങൾക്കനു സരിച്ച് മക്കൾ വളരാത്തതിലും അവർ തെറ്റുകുറ്റങ്ങളിൽ ഏർപ്പെടുന്നതിലും മാതാപിതാക്കൾ അസ്വസ്ഥരാകും. കുട്ടികളുടെ ഈ അവസ്ഥയിൽ അവർ നിസ്സഹായരായി കാലം കഴിക്കുകയാണോ വേണ്ടത്? കുറ്റകൃത്യങ്ങളിൽ അവർ പ്രതികളാകുമ്പോഴും ഈ നിസ്സംഗതയാണോ രക്ഷിതാക്കൾക്കുണ്ടാകേണ്ടത്?

കുടുംബ രംഗത്തെ അസ്സ്ഥതകൾക്ക് കാരണമാകും വിധം പല തകരാറുകളും മക്കളിൽനിന്നുണ്ടാകാം; പ്രത്യേകിച്ച് മുതിർന്നവരിൽനിന്ന്. അവരുടെ കൂട്ടുകെട്ടും സാഹചര്യവുമൊക്കെ അതിൽ സ്വാധീനം ചെലുത്തുന്നുണ്ടാകും. പക്ഷേ, അവയെ വിലയിരുത്തുന്നതിനു മുമ്പ് തങ്ങളുടെ ഭാഗത്തു നിന്ന് ഏതെങ്കിലും വിധത്തിലുള്ള സമീപന ദൗർബല്യങ്ങൾ മക്കളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടോയെന്ന് രക്ഷിതാക്കൾ കാര്യമായി ആലോചിക്കേണ്ടതുണ്ട്.



മക്കളുടെ കാര്യത്തിൽ പരിഭവിക്കുന്നവരാണ് പല മാതാക്കളും. പ്രത്യേകിച്ച് പിതാക്കന്മാരുടെ അഭാവത്തിൽ. ചെറിയ ശ്രമമുണ്ടെങ്കിൽ അവരെ രക്ഷിക്കാവുന്നതാണ്. പൊതുവായ ചില സമീപ നരീതികൾ സൂചിപ്പിക്കുന്നു:

## മക്കൾ ഏത് പ്രായക്കാരായാലും അഗാധമായി സ്നേഹിക്കുക.

കുട്ടികൾ മൂന്ന്– നാല് വയസ്സാകുന്നതോടെ പല രക്ഷിതാക്കളും അവരെ ലാളിക്കുന്നതിലും സ്നേഹിക്കുന്നതിലും അല്പം കുറവ് വരുത്തും. അവന്റെ/അവളുടെ താഴെയുള്ള കുഞ്ഞിനായിരിക്കും അതത്രയും നൽകുക. മനുഷ്യപ്രകൃതിയാണത്. ചില കുട്ടികളിലെങ്കിലും ഈ സമീപനം ദുർവാശിയുണ്ടാക്കും. ചെറിയ കുട്ടിയോട് ഒരുതരം അസംതൃപ്തി അവൻ അപൂർവമായി പ്രകടിപ്പിച്ചെന്നും വരാം. ഈ സമീപനത്തെ നിസ്സാരമായി തള്ളിക്കളയരുത്. മുതിർന്നാലും അവന്റെ മനസ്സിൽ അത് നിലനിൽക്കും.



കുട്ടികൾക്കായി കുറച്ച് ഫ്രീസമയം ഉണ്ടാക്കിയെടുക്കണം. പ്രായത്തിനനുസരിച്ചാണ് അവരെ സമീപിക്കേണ്ടത്. അവരെത്ര മുതിർന്നാലും തലോടുന്നതിലും മുത്തം നൽകുന്നതിലും ഒട്ടും പിശുക്കരുത്. അതവരുടെ അവകാശമാണ്. ചെറിയ കുട്ടികളാണെങ്കിൽ അവരുടെ കളിയിലും തമാശയിലും പങ്ക് ചേരണം. സാരോപദേശ കഥകൾ കേൾപ്പിക്കണം. കൂടെ ലഘുവായ നിർദേശങ്ങളും നൽകണം. എന്നാൽ അത്തരം പ്രായക്കാരെ തിരുത്തേണ്ടതും മാർഗനിർദേശം നൽകേണ്ടതും അവർ എന്തെങ്കിലും കർമ്മങ്ങളിൽ ഏർപ്പെടുമ്പോൾ അതുമായി ബന്ധപ്പെട്ട സന്ദർഭങ്ങളിലാണ്. ഇരുന്ന് ഉപദേശം കേൾക്കാൻ പറ്റിയ പ്രായമല്ല അവരുടേത്.

14–15 വയസ്സിനു മുകളിലുള്ള കുട്ടികളാണെങ്കിൽ അവന്റെ/അവളുടെ കൂട്ടുകാരെക്കുറിച്ചും അവരുടെ ചുറ്റുപാടുകളെക്കുറിച്ചും അന്വേഷിക്കുക. നമുക്ക് പരിചിതരായ ചീത്ത കുട്ടികൾ അതിലുണ്ടെങ്കിൽ നേർക്കുനേരെ തുറന്നു പറയാതെ ചില അനുഭവങ്ങൾ അവരെപറ്റി (ഉണ്ടെങ്കിൽ) കുട്ടികളോട് പറയുക. ചീത്ത കൂട്ടുകെട്ടിൽ അകപ്പെടരുതെന്ന് സ്നേഹത്തോടെ പറയുക. ചീത്ത കൂട്ടുകെട്ടിന്റെ ദോഷവും നല്ല കൂട്ടുകെട്ടിന്റെ ഗുണവും അവർക്ക് മനസ്സിലാക്കിക്കൊടുക്കുക. ഈ ഘട്ടത്തിൽ തന്നെയാണ് കുട്ടികൾക്കാവശ്യമായ വിശിഷ്യാ പെൺകുട്ടികൾക്ക് ലൈംഗികവിജ്ഞാനവും പകർന്നു കൊടുക്കേണ്ടത്. 12 വയസ്സു മുതൽ അത് തുടങ്ങാം.

രക്ഷിതാക്കൾ കുട്ടികളുടെ ഗുണകാംക്ഷികളാകണം. അവർ തന്നെ ഏറെ സ്നേഹിക്കുന്നുണ്ടെന്നും താൻ മോശമാകുന്നതിൽ അവർ വേദനിക്കുന്നുണ്ടെന്നും അതിലൂടെ അവർക്ക് ബോധ്യമാകണം.

മാതാപിതാക്കളുടെ സ്നേഹം ഏറെ ആവശ്യമുള്ള ഘട്ടമാണ് കൗമാരം. ആ സമയത്ത് അത് നിഷേധിച്ചാൽ സ്നേഹം നടിക്കുന്ന പുറത്തുള്ളവരുമായി കുട്ടികൾ കൂട്ടുകൂടും. അവിഹിതമായ മേഖലകളിലേക്ക് അവർ കുട്ടികളെ കൊണ്ടുപോകും. പിന്നീട് തിരുത്താൻ പ്രയാസമുള്ള ജീവിതശീലങ്ങളിലേക്ക് അവർ വീഴുകയും ചെയ്യും.

## പ്രായോഗിക ജീവിതത്തിലൂടെ ദിശാബോധം

ഒരു ദിവസം കുറച്ചു നേരമെങ്കിലും അവരുടെ കൂടെയിരിക്കണം. സംസാരത്തിനും ജോലിക്കുമൊക്കെ അതാകാം. പ്രായത്തിനനുസരി ച്ചാണ് അത് നിർണയിക്കേണ്ടത്. 7 മുതൽ 10 വയസ്സു വരെയുള്ള കുട്ടികളെ തന്റെ കൂടെ ഏതെ

ങ്കിലും പ്രവൃത്തികളിൽ കൂട്ടുക. ആജ്ഞയുടെ സ്വരത്തിലല്ല ഈ പങ്കാളിത്തം. സ്നേഹത്തിന്റെ സമീപനത്തിലൂടെയായിരിക്കണം അത്. അവർക്ക് വീടിനോട് പ്രതിപത്തിയും ഉത്തരവാദിത്തബോധവുമുണ്ടാക്കാൻ അതുപകരിക്കും.

10 വയസ്സിന് മുകളിൽ പ്രായമുള്ളവരാണെങ്കിൽ വീട്ടിലെ ചില്ലറ കാര്യങ്ങൾ അവരെ ഏല്പിക്കുക. അവർ ചെയ്യുന്ന കാര്യങ്ങളെ പിന്നീട് നിരൂപണം ചെയ്യുക. അപാകതകളെ സ്നേഹത്തോടെ തിരുത്തുക. ചെയ്യുന്ന ശരികളിൽ അവരെ പ്രശംസിക്കാനും ശരിയായ പാഠം നൽകാനും മറക്കരുത്. ഗൗരവബോധം അവരിൽ ഊട്ടിയുറപ്പിക്കാൻ അത് ഉപകരിക്കും.

സാധാരണ കഴുകി അയയിലിട്ട വസ്ത്രം താഴെ വീണാൽ, ബുക്ക്, ന്യൂസ് പേപ്പർ, വീടുപകരണങ്ങൾ എന്നിവ താഴെ കിടക്കുന്നത് കണ്ടാൽ, സിറ്റൗട്ടിലെ കസേരകൾ അലങ്കോലപ്പെട്ടു കിടക്കുന്നത് കണ്ടാൽ, വല്ല സാധനവും അലക്ഷ്യമായി സ്ഥാനം തെറ്റി കിടക്കുന്നത് കണ്ടാൽ, ആളില്ലാത്ത റൂമിൽ ഫാൻ കറങ്ങുന്നത് കണ്ടാൽ, ആവശ്യമില്ലാത്തപ്പോൾ ലൈറ്റ് കത്തുന്നത് കണ്ടാൽ, ഉപയോഗം കഴിഞ്ഞ ഉപകരണങ്ങൾ ആവശ്യം കഴിഞ്ഞിട്ടും തിരികെ വെക്കാത്തത് കണ്ടാൽ ഇതൊക്കെ സാധാരണ നിർദേശം കൊടുത്താലാണ് കുട്ടികൾ ചെയ്യാറുള്ളത്. പക്ഷേ, അത് സ്ഥാനത്ത് വെക്കൽ എന്റെ കൂടി ആവശ്യമാണ് എന്ന് കുട്ടികളുടെ മനസ്സിൽ തോന്നണമെങ്കിൽ അതിനനുസരിച്ച പ്രതിപത്തി രക്ഷിതാക്കൾ ഉണ്ടാക്കിയെടുക്കുക തന്നെ വേണം.

## കുട്ടികൾക്ക് ദിശാബോധവും ഉയർന്ന കാഴ്ചപ്പാടും നൽകുക.

കുട്ടികളുടെ കർമ്മങ്ങളെ നിരീക്ഷിക്കുക. അപാകതകൾ ചെയ്യുമ്പോൾ അതിന്റെ ദോഷഫലങ്ങൾ പറഞ്ഞു ഉപദേശിക്കുക. ശകാരിക്കുന്ന രീതിയോ കാർക്കശ്യമോ പാടില്ല. അത് വിപരീത ഫലം ചെയ്യും.

- വസ്ത്രം എങ്ങനെ ധരിക്കണം
- സാധനങ്ങൾ എങ്ങനെ സൂക്ഷിക്കണം
- മറ്റുള്ളവരോട് എങ്ങനെ പെരുമാറണം
- മോശപ്പെട്ട സ്വഭാവങ്ങളെന്ത്
- നല്ലതെന്തൊക്കെ
- സ്വഭാവത്തിലും പെരുമാറ്റത്തിലും ആരെ അനുകരിക്കാം
- ആരെ അനുകരിക്കരുത്
- തെറ്റുകളോടുള്ള സമീപനമെന്തായിരിക്കണം
- നല്ലതിനോടുള്ള സമീപനമെന്തായിരിക്കണം
- എന്ത് കാണണം
- എന്ത് കാണരുത്



തുടങ്ങി മിക്ക വിഷയങ്ങളിലും അവർക്ക് ഗൈഡ്‌ലൈൻ നൽകാൻ രക്ഷിതാക്കൾ ശ്രദ്ധിക്കണം. അതവരുടെ വ്യക്തിത്വത്തെ നിർണയിക്കുന്നതിൽ വലിയ സ്വാധീനം ചെലുത്തും. പക്ഷേ, അവരുടെ മുമ്പിൽ രക്ഷിതാക്കൾ സ്വയം മാതൃകായോഗ്യരാകണം.

മീഡിയകളുടെ ഉപയോഗത്തിലും പൊതുവിഷയങ്ങളുടെ വായനയിലും അവർക്ക് തികഞ്ഞ കാഴ്ചപ്പാടുണ്ടാക്കണം. ഇന്നത് കാണണം, ഇന്നത് കാണരുത്, അത് വായിക്കാം, ഇത് വായിക്കരുത് അതിന്റെ കാരണങ്ങൾ ഇന്നതാണ് എന്ന് ഓരോ വിഷയത്തിലും അവർക്ക് ചെറുപ്പത്തിൽ തന്നെ അവബോധമുണ്ടാക്കിയെങ്കിൽ മാത്രമേ വളർച്ചയിൽ അത് ഉപകാരപ്പെടുകയുള്ളു. നല്ലതും ചീത്തയും വേർതിരിച്ചറിയുന്നതിനുള്ള അവരുടെ കഴിവ് സംസ്കരിക്കപ്പെടുന്നതിൽ പിന്നീട് അതവരെ സഹായിക്കും. ഈ കാഴ്ചപ്പാട് നൽകാത്തതിനാലാണ് വകതിരിവില്ലാതെ ഏത് അശ്ലീലവും ഇരുന്ന് കാണാം ആസ്വദിക്കാം, അത് പ്രാവർത്തികമാക്കാം എന്ന നിലപാട് കുട്ടികളിൽ വളർന്നുവരുന്നത്. 15–17 വയസ്സിന് താഴെ പ്രായമുള്ള ആൺകുട്ടികളിൽ കണ്ടുവരുന്ന ലൈംഗിക കുറ്റകൃത്യങ്ങളിൽ ഇത് ഏറെ സ്വാധീനിക്കുന്നുണ്ട്. ദൃശ്യമാധ്യമങ്ങൾ മൊത്തത്തിൽ നല്ല ശീലങ്ങളല്ല ഇക്കാലത്ത് പ്രക്ഷേപണം ചെയ്യുന്നത്. കുട്ടികൾക്ക് അവബോധം നൽകാതിരുന്നാൽ അവരുടെ ഭാവി ഇരുളടയും. മൊബൈൽ പോലുള്ള വസ്തുക്കളുടെ അമിതോപയോഗക്കെടുതിയെ പറ്റിയും അവരെ ബോധവാന്മാരാക്കണം.

അവരുടെ ഭാവി അവരുടെ തന്നെ കൈകളിലാണെന്ന് ബോധ്യപ്പെടുത്തണം. അതിന് എന്തു ചെയ്യണമെന്ന് കാഴ്ചപ്പാട് അവർക്ക് ഉണ്ടാക്കിക്കൊടുക്കാൻ രക്ഷിതാക്കൾ കാര്യമായി ശ്രമിക്കണം.

ലാളിച്ച് വഷളാക്കുകയല്ല, സ്നേഹിച്ച് സംസ്കരിക്കുക.
ആക്ഷേപവും ശകാരവും ശിക്ഷയും ആരെയും നന്നാക്കില്ല.
സ്നേഹവും ഉത്തമ സഹവാസവുമാണ് മനസ്സുകളെ സംസ്കരിക്കുക.

കുട്ടികൾ വളർന്നുവരുന്നവരും വ്യക്തിത്വം രൂപപ്പെട്ടുവരുന്നവരുമാണ്. അവർക്ക് ആവശ്യമായ ഗൈഡ്‌ലൈൻ ഇപ്പോഴേ നൽകിയാൽ യുവത്വത്തിലവർ മാതാപിതാക്കൾക്ക് കൺകുളിർമയും നിർഭയത്വവും നൽകുന്നവരായി മാറും.

## രക്ഷിതാക്കൾ കുട്ടികളോടുള്ള സമീപനം പരിശോധിക്കുക.

മാതാപിതാക്കളും മക്കളുമെന്ന കേവല കാഴ്ചപ്പാടിൽ ഒതുങ്ങിനിൽക്കരുത്. മക്കളോടുള്ള സമീപനത്തിൽ തികഞ്ഞ ഫ്രണ്ട്ഷിപ്പ് ആവശ്യമാണ്. പരുക്കൻ സ്വഭാവക്കാരനായ പിതാവും അദ്ദേഹത്തെ ഭയപ്പെടുന്ന മാതാവുമാണ് വീട്ടിനകത്തെങ്കിൽ കുട്ടികളുടെ സ്വഭാവത്തെ അത് സാരമായി ബാധിക്കും. ആ കുടുസ്സിൽനിന്ന് പുറത്തു ചാടാനായിരിക്കും അവർ വെമ്പൽകൊള്ളുക. രക്ഷിതാക്കളോടുള്ള നിഷേധാത്മക സമീപനം മുതൽ ഒളിച്ചോട്ടം വരെ അതുമൂലം ഉണ്ടായേക്കും. ഭാര്യാഭർത്താക്കൾക്കിടയിൽ തമാശകൾ വേണം. കുട്ടികൾക്കും അത് അനുഭവിക്കാനാകണം. എങ്കിൽ മാത്രമേ അവരുടെ മനസ്സ് രക്ഷിതാക്കളോട് ഒട്ടിച്ചേർന്ന നിൽക്കുകയുള്ളു.



കുടുംബയോഗങ്ങൾ വിളിച്ചുകൂട്ടുകയും അവർക്ക് മനസ്സ് തുറന്ന് പറയാനുള്ള അവസരം കൊടുക്കുകയും വേണം. അവരെ പറ്റിയുള്ള അഭിപ്രായങ്ങളും അവിടെ വെച്ച് പറയണം. മൊത്തത്തിൽ എല്ലാവർക്കും മാതൃകയാകുന്ന രീതിയി ലാകണം അത്.

കുട്ടികളെ ചെറിയ പ്രായത്തിൽ അമിതമായി ലാളിക്കരുത്. അത് അവരുടെ വ്യക്തിത്വത്തെ വികലമാക്കുകയും മാന സിക വളർച്ച മുരടിപ്പിക്കുകയും ചെയ്യും. എന്നാൽ അനാവശ്യമായ നിയന്ത്രണങ്ങളും

അവരുടെ മേൽ അടിച്ചേൽപ്പിക്കരുത്. മിക്കപ്പോഴും പഠനം, പരീക്ഷ, മാർക്ക് എന്നീ മേഖലകളിലാണ് കുട്ടിളെ രക്ഷിതാക്കൾ ഏറെ പ്രയാസപ്പെടുത്താറുള്ളത്. ഇത് കുട്ടികളെ അകാരണമായ കുറ്റബോധമുള്ളവരാക്കാനും മാതാപിതാക്കളിൽനിന്ന് മാനസികമായി അകറ്റാനും സ്വയം അപകർഷത തോന്നാനും ഇടയാക്കും. കുട്ടിയുടെ ഭാവിയെ ഇത് സാരമായി ബാധിക്കും.

## കുട്ടികളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക

കുട്ടികളുടെ കഴിവുകൾ തിരിച്ചറിയുകയും അത് പരമാവധി പ്രോത്സാഹിപ്പിക്കുകയും വേണം. അവർക്ക് താൽപര്യമുള്ള വിഷയങ്ങളിൽ രക്ഷിതാക്കളുടെ അവഗണനയും എതിർപ്പും അവരെ നിരാശരാക്കും. വാശിയോ വൈരാഗ്യമോ അവരുടെ മനസ്സിൽ വളർന്നു വരികയും ചെയ്യും.

കുട്ടികളുടെ ആരോഗ്യകരമായ താൽപര്യങ്ങളെ മാനിക്കണം. തെറ്റായ താൽപര്യങ്ങളെ ഗുണകാംക്ഷയോടെ അവരെ ബോധ്യപ്പെടുത്തിക്കൊണ്ട് തിരുത്തണം. ഒരിക്കലും രക്ഷിതാക്കളുടെ താൽപര്യത്തെ ഏകപക്ഷീയമായി അവരെ അടിച്ചേൽപ്പിക്കരുത്. അത് പലപ്പോഴും പ്രയാസം ഉണ്ടാക്കും.

തങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളെയും താൽപര്യങ്ങളെയും കുട്ടികളിൽ അടിച്ചേൽപ്പിക്കുന്ന പ്രവണത കുട്ടികളുടെ ലക്ഷ്യബോധത്തെ നശിപ്പിക്കുകയാണ് ചെയ്യുക. സ്വയം തിരഞ്ഞെടുപ്പിന്റെ ഘട്ടം വരുമ്പോൾ പലപ്പോഴും തെറ്റായ തീരുമാനങ്ങൾ കൈക്കൊള്ളാൻ കുട്ടികൾ അതുമൂലം നിർബന്ധിതരാകും.



കുടുംബസംബന്ധമായ കൂടിയാലോചനകളിലും കുടുംബസന്ദർശനത്തിലുമൊക്കെ അവരെയും പങ്കെടുപ്പിക്കണം. കുടുംബരംഗത്ത് തനിക്ക് ഏറെ പ്രാധാന്യമുണ്ടെന്ന് അവർക്ക് ബോധ്യപ്പെടാനും കുടുംബത്തോട് കൂറും സ്നേഹവും ഉണ്ടാക്കുവാനും ഉപരി സാമൂഹികമായ ഉൾക്കാഴ്ച ഉണ്ടാകുവാനും അത് ഉപകരിക്കും. മാതാപിതാക്കളെ അനുസരിക്കുകയും താഴെയുള്ളവരോട് കനിവ് കാണിക്കുകയും മുതിർന്നവരെ ബഹുമാനിക്കുകയും ചെയ്യുന്ന കുടുംബാന്തരീക്ഷം വീട്ടിനകത്ത് ഉണ്ടാക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. പുറമെയുള്ള ചീത്ത കൂട്ടുകെട്ടിൽനിന്നും ഇത് ഒരു പരിധി വരെ കുട്ടികളെ തടയും.

## പരിശോധനകൾ ആവശ്യമാണ്

കുട്ടികളുടെ പുസ്തകങ്ങളും ബാഗും കിടപ്പുമുറിയും പരിശോധിക്കണം. അവരുടെ പഠനനിലവാരവും വൃത്തിയും കൂട്ടുകാരുമായുള്ള ബന്ധങ്ങളും മനസ്സിലാക്കാൻ അത് നല്ലതാണ്. അവരുടെ സ്വഭാവദൗർബല്യങ്ങൾ പോലും പുസ്തകങ്ങളിൽ കണ്ടെന്നുവരാം. അവരുടെ ജീവിതത്തിൽ അച്ചടക്കവും അടുക്കും ചിട്ടയും സൃഷ്ടിക്കാൻ മാതാവിനാണ് സാധിക്കുക. തിരുത്തേണ്ടത് അപ്പപ്പോൾ തിരുത്തണം. ആവശ്യമെന്ന് തോന്നുന്ന വിഷയങ്ങൾ മാത്രം പിതാവിനെ ഏൽപിക്കുക. എന്നാൽ അറിയിക്കേണ്ടവ പിതാവിൽനിന്ന് മറച്ചുവെക്കുന്ന മാതൃസമീപനം പിന്നീട് ദോഷം ചെയ്യും.

കുട്ടികൾ അറിഞ്ഞുകൊണ്ടു തന്നെ അവരുടെ അധ്യാപകരുമായി നല്ല ബന്ധം ഉണ്ടാക്കാൻ രക്ഷിതാക്കൾ കാര്യമായി ശ്രദ്ധിക്കണം. പഠനനിലവാരം ഉയർത്താനും സ്വഭാവദൂഷ്യത്തിൽനിന്നും മോശപ്പെട്ട കൂട്ടുകെട്ടിൽനിന്നും അവരെ തടയാനും അത് ഏറെ ഉപകരിക്കും.

## ധാർമിക വിദ്യാഭ്യാസവും പ്രായോഗിക ജീവിതവും അഭ്യസിപ്പിക്കുക

ഏതെങ്കിലും വിധത്തിലുള്ള ദൈവചിന്ത എല്ലാവരെയും സ്വാധീച്ചിട്ടുണ്ടായിരിക്കും. അത്തരം അധ്യാപനങ്ങൾ കുട്ടികൾക്ക് പകർന്നുകൊടുക്കാനുള്ള സംവിധാനങ്ങൾ രക്ഷിതാക്കൾ ചെയ്യണം. കളവ്, ചീത്തപറയൽ, മോഷണം, പരദൂഷണം തുടങ്ങിയ ദുഃസ്വഭാവങ്ങളുടെ ചീത്തവശം, വലിയവരോടും ചെറിയവരോടുമുള്ള പെരുമാറ്റരീതികൾ, മാതാപിതാക്കളോടുള്ള ബാധ്യതകൾ, വീടിനോടുള്ള ബാധ്യതകൾ തുടങ്ങിയ വിഷയങ്ങളിലൊക്കെ അവർക്ക് ഉയർന്ന കാഴ്ചപാട് നൽകാനുതകുന്ന പാഠങ്ങൾ നൽകണം.

*അത്തരം ബോധമുള്ളവരും തെറ്റുകൾ ചെയ്യാറുണ്ട്. മാതാപിതാക്കളെധിക്കരിക്കാറുമുണ്ട്. അതിന് കാരണമെന്ത്?*



കുട്ടികൾക്ക് പകർന്നുകൊടുക്കുന്ന ധാർമികചിന്ത പ്രയോഗത്തിൽ വരുത്താൻ രക്ഷിതാക്കളുടെ ഭാഗത്തുനിന്ന് എത്രമാത്രം ശ്രമമുണ്ടോ അതിനനുസരിച്ചായിരിക്കും ഭാവിയിൽ അത് ഫലം ചെയ്യുന്നത്. പുകവലിയും മദ്യസേവയുമുള്ള പിതാവ് അത് അരുതെന്ന് കുട്ടികളോട് ശാസിച്ചതുകൊണ്ട് എത്രമാത്രം പ്രയോജമുണ്ടാകുമെന്നത് അവന്റെ മനസ്സുമായി ബന്ധപ്പെട്ട സംഗതിയാണ്. ധാർമിക വിഷയവുമായി ബന്ധമില്ലാത്ത രക്ഷിതാക്കളാണെങ്കിൽ കുട്ടികൾ ഭാവിയിൽ പലപ്പോഴും അതേ രീതിയിൽ വളർന്നുവരും. അക്കാര്യത്തിൽ പിതാവ് അൽപം കൂടി മനസ്സ് വെക്കണം.

പ്രാർഥനക്ക് പോകുമ്പോൾ കുട്ടികളെയും കൂടെകൂട്ടുക. അത്തരം പരിപാടികൾക്ക് അവരെയും പങ്കെടുപ്പിക്കുക. ധാർമിക പാഠങ്ങളുള്ള പുസ്തകങ്ങളും കഥകളും അവർ കേൾപ്പിക്കുക തുടങ്ങിയവ അവലംബിക്കേണ്ട രീതികളാകുന്നു.

കുട്ടികളെ വേണ്ടവിധത്തിൽ സ്നേഹിക്കുക. മാർഗദർശനത്തോടുകൂടി അവരെ നയിക്കുക. അവർക്കും നിങ്ങൾക്കും വേണ്ടി അവരെ സജ്ജരാക്കുക. വാർധക്യത്തിൽ സ്വാസ്ഥ്യം കെടുത്താത്ത, ഉപകാരപ്പെടുന്ന മക്കളെ ലഭിക്കാൻ അത് ഉപകരിച്ചേക്കാം.

www.vazhi.org

Jaleel thazhasseri
jthrees@hotmail.com